**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5971** **17-03-2023 - ൽ മറുപടിയ്ക്ക്**

**ക്രഷർ നികുതി നിർണ്ണയത്തിലെ ക്രമക്കേട് - തിരുത്തൽ നടപടി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തുള്ള ജി-സാൻഡ് എന്ന ക്രഷർ യൂണിറ്റിന് നികുതി വെട്ടിപ്പിനുള്ള കോംപൗണ്ടിങ് തുകയായ 8 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ടോ; എന്നാൽ ഇതേ കുറ്റം ചെയ്ത ബി.എസ് എന്റർപ്രൈസസ് എന്ന ക്രഷർ യൂണിറ്റിന് 31 ലക്ഷം രൂപ പെനാൽറ്റി പ്രൊപ്പോസ് ചെയ്തതിന് ശേഷം പെനാൽറ്റി ഒന്നര ലക്ഷം രൂപയായി സെറ്റിൽ ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വാണിജ്യ നികുതി വകുപ്പ് കമ്മിഷണറുടെ റിപ്പോർട്ട് നികുതി വകുപ്പിന്റെ ഡി1/89/2018-നികുതി നമ്പർ ഫയലിൽ പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്. ഡി1/95/2018-നികുതി നമ്പർ ഫയൽ ടി വിഷയവുമായി ബന്ധപ്പെട്ടതല്ല. |
| (ബി) | ഇത് സംബന്ധിച്ച് ഇന്റലിജൻസ് ഓഫീസർ സ്ക്വാഡ് -5 തിരുവനന്തപുരം സ്വീകരിച്ച നടപടിക്രമങ്ങൾ ക്രമവിരുദ്ധമാണെന്ന് വാണിജ്യ നികുതി വകുപ്പ് കമ്മിഷണർ 28.12.2018-ലെ CT/20421/2017-A5 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പ്രസ്തുത കത്തിൽ നടപടിയ്ക്ക് ശിപാർശ ചെയ്തിരുന്നോ; വിശദമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വാണിജ്യ നികുതി വകുപ്പ് കമ്മിഷണറുടെ റിപ്പോർട്ട് നികുതി വകുപ്പിന്റെ ഡി1/89/2018-നികുതി നമ്പർ ഫയലിൽ പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്. ഡി1/95/2018-നികുതി നമ്പർ ഫയൽ ടി വിഷയവുമായി ബന്ധപ്പെട്ടതല്ല. |
| (സി) | വാണിജ്യ നികുതി വകുപ്പ് കമ്മിഷണറുടെ റിപ്പോർട്ടിന്മേൽ നികുതി വകുപ്പിന്റെ ഡി1/89/2018-നികുതി, ഡി1/95 /2018-നികുതി എന്നീ ഫയലുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഇതു സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വാണിജ്യ നികുതി വകുപ്പ് കമ്മിഷണറുടെ റിപ്പോർട്ട് നികുതി വകുപ്പിന്റെ ഡി1/89/2018-നികുതി നമ്പർ ഫയലിൽ പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്. ഡി1/95/2018-നികുതി നമ്പർ ഫയൽ ടി വിഷയവുമായി ബന്ധപ്പെട്ടതല്ല. |
| (ഡി) | ഒരു വകുപ്പിലെ സൂപ്പർവൈസറി ഓഫീസർ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കുവാൻ സർക്കാർ അനുമതി ആവശ്യമുണ്ടോ; | (ഡി) | KCS(CC&A) റൂൾ പ്രകാരം ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട നിയമനാധികാരിയിൽ നിക്ഷിപ്തമാണ്. |
| (ഇ) | ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ വാണിജ്യ നികുതി വകുപ്പിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഇ) | KCS(CC&A) റൂൾ പ്രകാരം ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട നിയമനാധികാരിയിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ